**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420** **02-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി, നികുതി ഇതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെയും വിനോദസഞ്ചാരമേഖലയിൽ നിന്നും ലോട്ടറി വില്പനയിൽ നിന്നും മദ്യ വില്പനയിൽ നിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതി ഇതര വരുമാനം എന്നിവ എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | വിവിധ വകുപ്പുകളിൽ നിന്നും സർക്കാരിന് ലഭിച്ച നികുതി, നികുതി ഇതര വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u><br><br>2021-22 സാമ്പത്തിക വർഷത്തിൽ മദ്യ വിൽപ്പനയിൽ നിന്നും സർക്കാരിന് ലഭിച്ച നികുതി വരുമാനം 12700 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2022 ഡിസംബർ 31 വരെ മദ്യ വിൽപ്പനയിൽ നിന്നും സർക്കാരിന് ലഭിച്ച നികുതി വരുമാനം 9997.46 കോടി രൂപയാണ്. ജി.എസ്.ടി റിട്ടേൺ പ്രകാരം കമ്മോടിറ്റിവൈസ് മാപ്പിങ്ങ് ലഭ്യമല്ലാത്തിനാൽ ഇനം തിരിച്ചിട്ടുള്ള നികുതി വരുമാനം ലഭ്യമല്ല.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയിൽ നിന്നും സർക്കാരിന് SGST ഇനത്തിൽ ലഭിച്ച നികുതി വരുമാനം 1000.24*കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2022 ഒക്ടോബർ വരെ ലോട്ടറി വിൽപ്പനയിൽ നിന്നും സർക്കാരിന് SGST ഇനത്തിൽ ലഭിച്ച നികുതി വരുമാനം 956.21*കോടി രൂപയാണ്.<br><br>**(Indicative figures from Tax Analyser portal)*<br><br><u>എക്സൈസ് വകുപ്പ്</u><br><br>2021-22 സാമ്പത്തിക വർഷം നികുതി വരുമാനമായി 1952.49 കോടി രൂപ വരുമാനവും നികുതി ഇതര വരുമാനത്തിൽ 56.89 കോടി രൂപയും, 2022-23 സാമ്പത്തിക വർഷം ഡിസംബർ മാസം വരെ നികുതി വരുമാനമായി 2015.11 കോടി രൂപയും നികുതി ഇതര വരുമാനമായി 49.75 കോടി രൂപയും എക്സൈസ് വകുപ്പിന് വരുമാനയിനത്തിൽ ലഭ്യമായിട്ടുണ്ട്. |

<u>കെ.എസ്.ബി.സി</u>

2021-22 സാമ്പത്തിക വർഷം സെയിൽസ് ടാക്സ് ഇനത്തിൽ 10,146.42 കോടി രൂപയും ടേൺ ഓവർ ടാക്സ് ഇനത്തിൽ 736.08 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 1801.38 കോടി രൂപയും, ഇംപോർട്ട് ഫീ ഇനത്തിൽ 10.88 കോടി രൂപയും ആകെ നികുതി ഇനത്തിൽ 12694.76 കോടി രൂപയും, ഗാലനേജ് ഫീ ഇനത്തിൽ 1.16 കോടി രൂപയും ലൈസൻസ് ഫീ ഇനത്തിൽ 0.23 കോടി രൂപയും കിസ്ത് ഇനത്തിൽ 10.80 കോടി രൂപയും ആകെ നികുതി ഇതര ഇനത്തിൽ 12.19 കോടി രൂപയും, 2022-23 (2022 ഡിസംബർ വരെ) സാമ്പത്തിക വർഷത്തിൽ സെയിൽസ് ടാക്സ് ഇനത്തിൽ 9663.66 കോടി രൂപയും ടേൺ ഓവർ ടാക്സ് ഇനത്തിൽ 700.06 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 1773.82 കോടി രൂപയും, ഇംപോർട്ട് ഫീ ഇനത്തിൽ 11.91 കോടി രൂപയും ആകെ നികുതി ഇനത്തിൽ 12149.45 കോടി രൂപയും, ലൈസൻസ് ഫീ ഇനത്തിൽ 0.23 കോടി രൂപയും കിസ്ത് ഇനത്തിൽ 10.80 കോടി രൂപയും ആകെ നികുതി ഇതര ഇനത്തിൽ 11.03 കോടി രൂപയും സർക്കാർ ഖജനാവിലേയ്ക്ക് കെ.എസ്.ബി.സി ഒടുക്കിയിട്ടുണ്ട്.

<u>സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്</u>

ഭാഗ്യക്കുറി വകുപ്പ് നികുതിയിതര വകുപ്പായതിനാൽ നികുതി വരുമാനം ഇല്ല. നികുതിയിതര വരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

<u>ടൂറിസം വകുപ്പ്</u>

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ/യാത്രീ നിവാസുകൾ/കേരള ഹൗസ് എന്നിവ സംസ്ഥാനത്ത് എത്തുന്ന വിശിഷ്ട അതി വിശിഷ്ട വ്യക്തികൾക്ക് ഹോസ്പിറ്റാലിറ്റി സേവനം നൽകുന്നതിന് വേണ്ടിയുള്ളതാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിലും, 2022-23 സാമ്പത്തിക വർഷത്തിലെ നാളിതുവരെയും ലഭിച്ച നികുതി നികുതിയേതര വരുമാനങ്ങളുടെയും, വകുപ്പിന്റെ കീഴിലുള്ള കനകക്കുന്ന് കൊട്ടാരത്തിലെ നിശാഗന്ധി ആഡിറ്റോറിയം, സൂര്യകാന്തി ഫെയർ ഗ്രൗണ്ട് എന്നിവ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി വാടകയ്ക്ക് അനുവദിച്ച നൽകുന്നതിലൂടെയും മേൽ കാലയളവിൽ ലഭിച്ച

| | | | |
|---|---|---|---|
| | | | നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| സാമ്പത്തിക വർഷം | നികുതിയിതര വരുമാനം (കോടിയിൽ) |
|---|---|
| 2021-22 | 7144.54 |
| 2022-23 (upto January 26) | 9754.85 |

സെക്ഷൻ ഓഫീസർ

**അനുബന്ധം -2**

| | നികുതിയേതര വരുമാനം | | നികുതി വരുമാനം | |
|---|---|---|---|---|
| | 2021-2022 | 2022 | 2021-2022 | 2022 |
| ഗസ്റ്റ് ഹൗസുകൾ /യാത്രീനിവാസ്/ കേരള ഹൗസ് | 1,82,45,288 | 2,29,03,004 | 3,83,808 | 11,81,132 |
| കനകക്കുന്ന് പാലസും പരിസരവും | 25,12,000 | 17,24,000 | 2,56,860 | 3,10,320 |
| ആകെ | 2,07,57,288 | 2,46,27,004 | 6,40,668 | 14,91,452 |

Puja

സെക്ഷൻ ഓഫീസർ